**അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (AITI)**

**ഇളമ്പൽ.പി.ഒ,പുനലൂർ.കൊല്ലംജില്ല.0475 2229448**

**(കേരള അഗ്രോ ഇൻഡസ്ട്രീസ്കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളത്)**

# ഓപ്പറേഷൻ &മെയിന്റനൻസ് ഓഫ്അഗ്രിക്കൾച്ചറൽമെഷിനറീസ് കോഴ്സിലേയ്ക്ക്പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ്

## (ഗവൺമെന്റ് അംഗീകൃത കെ.ജി.സി.ഇ കോഴ്സ്)

## (2020–22)

**ആമുഖം:**

1. കേരള അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന കേരളഗവൺമെന്റ് അംഗീകൃത കെ.ജി.സി.ഇ ''ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് അഗ്രിക്കൾച്ചറൽ മെഷിനറീസ്'' എന്ന കോഴ്സിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച വിവരങ്ങളും നിബന്ധനകളുംഉൾക്കൊള്ളുന്നതാണ് പ്രോസ്പെക്ടസ്. അപേക്ഷസമർപ്പിക്കുന്നതിനു മുമ്പായി ഈ പ്രോസ്പെക്ടസ് ശ്രദ്ധാപൂർവ്വംവായിച്ചിരിക്കണം.
2. കോഴ്സിനെ സംബന്ധിച്ച് :-

ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് അഗ്രിക്കൾച്ചറൽ മെഷിനറീസ്.

കാലാവധി രണ്ട് വർഷം

പ്രവൃത്തിദിവസം : തിങ്കൾ മുതൽ ശനി വരെ

പ്രവൃത്തിസമയം : 10 AM to 4 PM, ഉച്ചയ്ക്ക് 1/2മണിക്കൂർ ബ്രേക്ക്.

3. പ്രവേശനത്തിനുള്ള യോഗ്യത :- പത്താം തരം പാസ്സായിരിക്കണം.
4. പ്രായ പരിധി :- 30.06.2020-ൽ 15 വയസ്സ് പൂർത്തിയായവരും 25 വയസ്സ്കവിയാത്തവരും.
5. നേറ്റിവിറ്റി: ഇൻഡ്യൻ പൗരത്വമുള്ള അപേക്ഷാർത്ഥികളെ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ.
6. പ്രവേശനം സംബന്ധിച്ച് :-

   ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് അഗ്രിക്കൾച്ചറൽ മെഷിനറീസ്കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്ക്/ഗ്രേഡിന്റെഅടിസ്ഥാനത്തിൽ റാങ്ക്ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഈ റാങ്ക്ലിസ്റ്റിൽ നിന്നായിരിക്കും പ്രസ്തുതകോഴ്സിലേയ്ക്കുള്ള അഡ്മിഷൻ.
7. സീറ്റുകളുടെ സംവരണം :-

   കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ള സർക്കാർ ഉത്തരവിലെ തത്വങ്ങൾക്കനുസൃതമായി നിർദ്ദേശാനുസൃത സംവരണം നൽകുന്നതാണ്.

8. സംവരണത്തിന് അർഹതയുള്ള വിദ്യാർത്ഥികൾ അപേക്ഷയിൽ യഥാസ്ഥാനത്ത് അവകാശവാദം രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷ സമർപ്പിച്ച ശേഷം ഉന്നയിക്കുന്ന അവകാശവാദം തെളിവുകൾ ഹാജരാക്കിയാലും പരിഗണിക്കുന്നതല്ല.

9. അപേക്ഷിക്കേണ്ടവിധം :- താൽപ്പര്യമുള്ളയോഗ്യരായ അപേക്ഷകർ ഇതോടൊപ്പ മുള്ള അപേക്ഷാ ഫോം കോർപ്പറേഷന്റെ ജില്ലാഓഫീസുകളിൽ നിന്നോ, **AITI**, പുനലൂരിൽ നിന്നോ വാങ്ങി തെറ്റുകൂടാതെ എല്ലാകോളങ്ങളും പൂരിപ്പിച്ച് അപേ ക്ഷാഫീസിനൊപ്പം താഴെ പറയുന്ന മേൽവിലാസത്തിൽ, **07.09.2020 5.00 PM** ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

**പ്രിൻസിപ്പാൾ,**
**അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്,**
**ഇളമ്പൽ.പി.ഒ, പുനലൂർ, കൊല്ലം – 691 322**

10. അപേക്ഷാഫീസ് :- അപേക്ഷാഫീസ് താഴെ പറയുന്ന വിധമാണ്.

ജനറൽ കാറ്റഗറി : 100 രൂപ

എസ്.സി/എസ്.റ്റി കാറ്റഗറി : 50 രൂപ

അപേക്ഷാ ഫീസ് കെയ്കോയുടെ 14 ജില്ലാ ഓഫീസുകളിലും, ഹെഡ് ഓഫീസിലും, **AITI**-യിലും നേരിട്ട് അടയ്ക്കാവുന്നതാണ്. അല്ലെങ്കിൽ മാനേജിംഗ് ഡയറക്ടർ, കെയ്കോ, എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയോ അപേക്ഷാഫീസ് അടയ്ക്കാവുന്നതാണ്.

11. സീറ്റുകളുടെ എണ്ണം :- ആകെ സീറ്റ് 25.

12. SSLCയുടെ മെരിറ്റ് തീരുമാനിക്കുന്നത് ഗ്രേഡിന് നൽകുന്ന പോയിന്റ് അനുസരിച്ചാ യിരിക്കും.

13. കോഴ്സ്ഫീസ്:- രണ്ട് വർഷത്തേയ്ക്ക്

| | |
|---|---|
| ആകെ ഫീസ് | :- 30,000/- രൂപ |
| വാർഷിക ഫീസ് | :- 15,000 രൂപ |
| പ്രവേശനഫീസ് | :- 500/-രൂപ |
| കോഷൻ ഡിപ്പോസിറ്റ് | :- 1,000/-രൂപ |

വാർഷിക ഫീസ് മൂന്ന് തവണകളായി അടയ്ക്കാവുന്നതാണ്. ആദ്യഗഡു 5,000/-രൂപ പ്രവേശന സമയത്ത് അടയ്ക്കേണ്ടതാണ്. രണ്ടാം ഗഡു 5,000/-രൂപ ഡിസംബർ ആദ്യവാരത്തിലും മൂന്നാംഗഡു 5,000/-രൂപ മാർച്ച് ആദ്യവാരത്തിലും

അടയ്ക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ഫീസ് അടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്ന വിദ്യാർത്ഥികളിൽ നിന്നും പിഴ ഈടാക്കുന്നതാണ്.

14. ഫീസ് തിരികെ നൽകുന്നത് സംബന്ധിച്ച് :- അഡ്മിഷൻ നേടിയതിനു ശേഷം പഠനം നിർത്തിയാൽ അടച്ച ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

15. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ :-

അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യേണ്ടതാണ്.

- ജനനതീയതിതെളിയിക്കുന്നതിനുള്ള രേഖകൾ (ജനന സർട്ടിഫിക്കറ്റ്/ SSLC സർട്ടിഫിക്കറ്റ്)
- യോഗ്യതാ പരീക്ഷയുടെ മാർക്ക്ലിസ്റ്റ്/സർട്ടിഫിക്കറ്റ്
- അപേക്ഷാ ഫീസ് അടച്ചതിന്റെ രസീത്/ അല്ലെങ്കിൽ അപേക്ഷാ ഫീസിനത്തിനുള്ള ഡിമാന്റ് ഡ്രാഫ്റ്റ്.

അപേക്ഷയോടൊപ്പം മേൽപ്പറഞ്ഞ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കാത്ത അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

16. അപേക്ഷ സമർപ്പിച്ചതിനു ശേഷം ഹാജരാക്കുന്ന രേഖകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അപേക്ഷ സമർപ്പിച്ചതിനുശേഷം മറ്റേതെങ്കിലും വിവരങ്ങൾ ഉൾപ്പെടുത്താൻ അവസരം നൽകുന്നതല്ല.

17. റാങ്ക് ലിസ്റ്റ് തയ്യാറായാൽ അത് www.keralaagro.com എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്. അതോടൊപ്പം അഡ്മിഷൻ തീയതിയും പ്രസിദ്ധീകരിക്കുന്നതായിരിക്കും. റാങ്ക് ലിസ്റ്റിലുൾപ്പെട്ടിട്ടുള്ള അപേക്ഷാർത്ഥികൾ അഡ്മിഷൻ സമയത്ത് കൃത്യമായി ഹാജരാകുകയും താഴെ പറയുന്ന രേഖകളുടെ അസ്സൽ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

**അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടരേഖകൾ**

1. ജനനതീയതി തെളിയിക്കാനുള്ള ഒറിജിനൽ രേഖ
2. വിടുതൽ സർട്ടിഫിക്കറ്റ് (TC)
3. സ്വഭാവ സർട്ടിഫിക്കറ്റ്
4. യോഗ്യതാ പരീക്ഷയുടെ മാർക്ക്ലിസ്റ്റ്/സർട്ടിഫിക്കറ്റ്
5. ഫീസ് അടച്ച രസീത്
6. ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (സംവരണംഉള്ളവിഭാഗത്തിന്)

7. പാസ്പോർട്ട്സൈസ്ഫോട്ടോ മൂന്ന് എണ്ണം

18. തെറ്റായ വിവരങ്ങൾ നൽകുന്ന അപേക്ഷകന് അയോഗ്യത കൽപ്പിക്കപ്പെടാനിട വരുത്തും. കൂടാതെ, കോഴ്സിലേയ്ക്കുള്ള പ്രവേശനം റദ്ദാക്കപ്പെടുന്നതും ആണ്. അപേക്ഷാർത്ഥി നൽകിയ ഏതെങ്കിലും വിവരമോ അപേക്ഷയോടൊപ്പം സമർപ്പിച്ച ഏതെങ്കിലും രേഖയോ വ്യാജമെന്നു കാണുകയോ, പ്രവേശനത്തിനുള്ള അയോഗ്യത പ്രവേശനത്തിനു മുമ്പോ പിമ്പോ കണ്ടു പിടിക്കപ്പെടുകയോ ചെയ്താൽ അപേക്ഷകന് പ്രവേശനം നൽകിയിട്ടുള്ള പക്ഷം അത് റദ്ദാക്കുന്നതുമായിരിക്കും.

മാനേജിംഗ് ഡയറക്ടർ

<u>അപേക്ഷാഫോറം</u>

## കേരള അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (AITI)
## ഇളമ്പൽ, പുനലൂർ. P.O, കൊല്ലം ജില്ല.
## (കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളത്)

## ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് അഗ്രിക്കൾച്ചർ മെഷിനറീസ്
## (കെ.ജി.സി.ഇ കോഴ്സ്)

**ഓഫീസ് ആവശ്യത്തിന്**

| | |
|---|---|
| അപേക്ഷാഫോറത്തിന്റെ നമ്പർ | : |
| രജിസ്ട്രേഷൻ തീയതി | : |
| രജിസ്ട്രേഷൻ ഫീസ് രസീത് നമ്പർ | : |
| അഡ്മിഷൻ തീയതി | : |
| മെമ്പർഷിപ്പ് നമ്പർ | : |

**പാസ്പോർട്ട് സൈസ് ഫോട്ടോ**

| | | |
|---|---|---|
| *1* | *അപേക്ഷകന്റെ പേര്* | |
| *2* | *ഫോൺ നമ്പർ* | *മൊബൈൽ :*<br>*വീട് :* |
| *3* | *മേൽവിലാസം*<br><br>*പിൻ കോഡ്* | |
| *4* | *വയസ്സ്, ജനനതീയതി*<br><br>*പുരുഷൻ/സ്ത്രീ* | |
| *5* | *പൗരത്വം* | *മതം :*<br>*ജാതി :* |
| *6* | *അച്ഛന്റെ/രക്ഷകർത്താവിന്റെ പേര്*<br><br>*ഉദ്യോഗം, ഫോൺ നമ്പർ* | |
| *7* | *അമ്മയുടെ/രക്ഷകർത്താവിന്റെ പേര്* | |

| | | |
|---|---|---|
| *8* | *അപേക്ഷകന്റെ ഒപ്പ്* | |
| *9* | *രക്ഷകർത്താവിന്റെ ഒപ്പ്* | |

<u>വിദ്യാഭ്യാസ യോഗ്യത</u>

| വിവരണം | പഠിച്ച സ്ഥാപനത്തിന്റെ പേര് | പാസ്സായ വർഷം | ലഭിച്ച മാർക്ക്/ഗ്രേഡ് | ജയിച്ചു/തോറ്റു |
|---|---|---|---|---|
| പത്താം തരം/തത്തുല്യം | | | | |

**................................. എന്ന ഞാൻ മേൽ നൽകിയിരിക്കുന്ന എല്ലാ വിവരങ്ങളും എന്റെ അറിവിലും വിശ്വാസത്തിലും പൂർണ്ണമായും ശരിയാണെന്ന് ഉറപ്പുവരുത്തുന്നു. ഈ കോഴ്സിന് എനിയ്ക്ക് പ്രവേശനം ലഭിക്കുകയാണെങ്കിൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് നിയമങ്ങളും, നിബന്ധനകളും ഞാൻ പൂർണ്ണമായും പാലിച്ചുകൊള്ളാമെന്ന് ഉറപ്പുതരുന്നു. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഭരണാധികാരികൾ എടുക്കുന്ന ഏത് ശിക്ഷണനടപടികൾക്കും ഞാൻ വിധേയപ്പെട്ടു കൊള്ളാം എന്ന് സമ്മതിക്കുന്നു.**

**മേൽ പറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പൂർണ്ണമായും ശരിയാണെന്ന് ഉറപ്പുവരുത്തുന്നു.**

തീയതി :

സ്ഥലം : *അപേക്ഷകന്റെ ഒപ്പ് :* *രക്ഷകർത്താവിന്റെ ഒപ്പ് :*